# 6

അടവീതരുക്കളിന്നിടയിൽ
ഒരു നാരകമെന്നവണ്ണം
വിശുദ്ധരിൻ നടുവിൽ കാണുന്നേ
അതി ശ്രേഷ്ഠനാം യേശുവിനെ

വാഴ്ത്തുമേ എൻെറ പ്രിയനെ ജീവകാലമെല്ലാം
ഈ മരുയാത്രയിൽ നന്ദിയോടെ ഞാൻ പാടിടുമേ

1. പനിനീർ പുഷ്പം ശാരോനിലവൻ
താമരയുമേ താഴ്വരയിൽ
വിശുദ്ധരിൽ അതിവിശുദ്ധനവൻ
മാ സൗന്ദര്യ സമ്പൂർണ്ണനേ — വാഴ്ത്തു

2. പകർന്ന തൈലം പോൽ നിൻ നാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി, ദുഷി, നിന്ദ ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാററീടണേ — വാഴ്ത്തു

3. മനക്ലേശതരംഗങ്ങളാൽ
ദു:ഖസാഗരത്തിൽ മുങ്ങുമ്പോൾ
തിരുക്കരം നീട്ടിയെടുത്തണച്ചു
ഭയപ്പെടേണ്ടാ - എന്നുരച്ചവനെ — വാഴ്ത്തു

4. തിരുഹിതമിഹെ തികച്ചീടുവാൻ
ഇതാ ഞാനിപ്പോൾ വന്നിടുന്നേ
എൻെറ വേലയെ തികച്ചും കൊണ്ട്
നിൻെറ മുമ്പിൽ ഞാൻ നിന്നീടുവാൻ — വാഴ്ത്തു